ക്ത ഗവർണർക്ക് നൽകിയ സ്വീകരണത്തെക്കുറിച്ച് ചോദിക്കുമ്പോൾ സോമരാജൻ ചിരിക്കുന്നു. അത് യഥാർഥത്തിൽ സ്വീകരണം തന്നെയാണ്. ആൻഡമാൻ നിയുക്ത ഗവർണർക്കല്ല, മറിച്ച് ജീവിതത്തിലേക്കും ബോധതലത്തിലേക്കും മടങ്ങിവരുന്ന ഒരാളിന് നൽകാവുന്ന മനോജ്ഞമായ സ്വീകരണം. സ്വീകരിക്കപ്പെട്ട ഗാനപ്രിയൻ ഗാന്ധിഭവനിലെ അന്തേവാസികളിലൊരാൾ. കൊല്ലത്തെ പ്രശസ്തമായ ശ്രീനാരായണ കോളേജിലെ പൂർവ വിദ്യാർഥി. പ്രശസ്ത എഴുത്തുകാരും ചിന്തകരും അധ്യാപകരും ഉൾപ്പെടെയുള്ള വൻ സുഹൃദ് സംഘത്തിനുടമ. ദീർഘകാലം പത്രപ്രവർത്തകനായിരുന്നു. കുടുംബബന്ധങ്ങളിലെ താളപ്പിഴയാണ് ഗാനപ്രിയനെ ഗാന്ധിഭവനിലെത്തിച്ചത്. ഇപ്പോൾ പുനലൂർ സോമരാജന്റെ ഭാര്യാ സഹോദരൻ (അളിയൻ) എന്ന് സ്വയം വിശേഷിപ്പിച്ചാണ് ഗാന്ധിഭവനിൽ കഴിയുന്നത്. രണ്ടുദിവസംമുമ്പ് കേരള ഗവർണർ ജസ്റ്റിസ് പി സദാശിവം ഗാന്ധിഭവൻ സന്ദർശിച്ചു. അദ്ദേഹത്തിന് നൽകിയ ആദരവും പൊലീസ് ബന്തവസുമൊക്കെ ഗാനപ്രിയനെ വീണ്ടും സ്വപ്നലോകത്തെത്തിച്ചു. സദാശിവം മടങ്ങിയതിനു തൊട്ടുപിന്നാലെ ഗാനപ്രിയൻ പ്രഖ്യാപിച്ചു, ''പ്രധാനമന്ത്രി നരേന്ദ്രമോഡി വിളിച്ചു. ആന്തമാനിൽ ഗവർണറായി ചുമതലയേൽക്കാൻ നിർദേശിച്ചു. രണ്ടുദിവസത്തിനകം ഡൽഹിയിൽ നിന്ന് ഉദ്യോഗസ്ഥർ വരും. അതിനുമുമ്പ് എനിക്ക് സ്വീകരണം കിട്ടിയേ പറ്റൂ.''

വലഞ്ഞത് സോമരാജനും ഗാന്ധിഭവനുമാണ്. സ്വീകരണം നൽകിയില്ലെങ്കിൽ വിഭ്രമാവസ്ഥയിൽ നിൽക്കുന്ന ഗാനപ്രിയന്റെ മനസ്സ് എങ്ങോട്ട് പോകുമെന്ന് ചിന്തിക്കാനാകില്ല. എല്ലാവരും ചേർന്ന് ഉടൻ തീരുമാനമെടുത്തു. നിയുക്ത ഗവർണർക്ക് പിറ്റേന്ന് ഗാന്ധിഭവനിൽ പകിട്ടാർന്ന സ്വീകരണം. അവിടത്തെ സെക്യൂരിറ്റിക്കാരെല്ലാം ഗവർണറുടെ സുരക്ഷാ ചുമതലയുള്ള പൊലീസായി. മറ്റൊരാൾ എഡിസിയായി. എല്ലാ ആർഭാടവും നിറഞ്ഞ ആ സ്വീകരണമാണ് ഞാൻ തുടക്കത്തിൽ കണ്ടത്. അതിലൂടെ ഗാനപ്രിയനെ മാത്രമല്ല, ഗാന്ധിഭവനിലെ അന്തേവാസികളുടെയാകെ പിരിമുറുക്കത്തിനാണ് തൽക്കാല മോചനമുണ്ടായത്. സൈക്കോ അനാലിസിസ് മനഃശാസ്ത്ര പഠനത്തിന്റെ ഏറ്റവും കാതലായ ഭാഗമാണ്. അത് വിദഗ്ധന്മാർക്കുമാത്രം കൈകാര്യം ചെയ്യാനാകുന്നതും. എന്നാൽ ഒരു അക്കാദമിക് പാണ്ഡിത്യവുമില്ലാതെ ഇതാ എന്റെ മുന്നിലിരിക്കുന്ന ഈ കുറിയ മനുഷ്യൻ ആയിരക്കണക്കിന് മനുഷ്യരുടെ മനസ്സ് വായിക്കുന്നു.



ഗാന്ധിഭവനിലെ കുട്ടികൾ

അവരുടെ ദുരിതങ്ങളിൽ, സന്തോഷങ്ങളിൽ എല്ലാം പങ്കാളിയാവുന്നു. പിതൃതുല്യമായ ആശ്ലേഷത്തോടെ അവരെയെല്ലാം വാരിപ്പുണരുന്നു. പുനലൂർ സോമരാജൻ എന്ന മനുഷ്യനോട് വല്ലാത്ത ആദരവ് തോന്നുന്നു. തന്റെയൊപ്പമുള്ള ആയിരത്തിലേറെ ജീവിതങ്ങളുടെ കാരണവരാണദ്ദേഹം. കഴിഞ്ഞദിവസം പിറന്നതുമുതൽ മരണക്കിടക്കയിലേക്ക് നീളുന്നവരുൾപ്പെടെയുള്ള ആയിരങ്ങളുടെ സ്നേഹവും സാന്ത്വനവുമാണ്. പത്തനാപുരം ഗാന്ധിഭവൻ ഇന്ന് ഇന്ത്യയിലെ സുപ്രധാന അഗതിയിടമാണ്.

ബുദ്ധിമാന്ദ്യമുള്ളവർക്ക് പരിശീലനം നൽകുന്ന സ്പെഷ്യൽ സ്കൂൾ, ഗാർഹിക പീഡനങ്ങൾക്ക് വിധേയരാകുന്നവർക്ക് നിയമസഹായം നൽകുന്ന നീതിഭവൻ, കേരള ഹൈക്കോടതിയുടെ കീഴിലുള്ള കെൽസയുടെ സൗജന്യ നിയമ സഹായ യൂണിറ്റ്, സംസ്ഥാന വനിതാ കമീഷന്റെ എ ഗ്രേഡ് അംഗീകാരമുള്ള സേവനവിഭാഗം, കേരള സർക്കാർ ഷെൽട്ടർഹോം, ജില്ലാ പഞ്ചായത്ത് സഹായത്തോടെ ശരണാലയം, സൗജന്യ ചികിത്സാ പദ്ധതിയുമായി ഫിനിക്സ് ഹോസ്പിറ്റൽ, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റ്, മദ്യവിമുക്ത ചികിത്സാ പുനരധിവാസകേന്ദ്രം, ഒറ്റപ്പെടുന്ന അമ്മമാർക്കായി സ്നേഹക്കൂട് എന്നീ സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്നതാണ് ഗാന്ധിഭവൻ.

ആയിരങ്ങളുടെ കണ്ണീരൊപ്പുന്ന ഈ മഹാപ്രസ്ഥാനത്തിനുപിന്നിൽ സോമരാജനെന്ന നിശ്ചയദാർഢ്യക്കാരൻ ഒഴുക്കിയ വിയർപ്പ് അളന്നെടുക്കാവുന്നതല്ല. പുനലൂരിലെ ഇടത്തരം കുടുംബത്തിൽ ജനിച്ച അദ്ദേഹത്തിന്റെ പിതാവ് ചെല്ലപ്പൻ അവിഭക്ത കമ്യൂണിസ്റ്റ് പാർടി പ്രവർത്തകനായിരുന്നു. കുട്ടിക്കാലത്ത് അമ്മ മരിച്ചു. തെരുവുനായകളെയും തെരുവിൽ അലയുന്നവരെയും വീട്ടിൽകൊണ്ടുവന്ന് കുളിപ്പിച്ച് ഭക്ഷണവും യാത്രാക്കൂലിയും നൽകി യാത്രയാക്കുന്ന പിതാവാണ് ജീവകാരുണ്യ പ്രവർത്തനങ്ങളിൽ മാതൃക. അച്ഛനിൽനിന്ന് ആർജിച്ച കമ്യൂണിസ്റ്റ് സഹാനുഭൂതി സോമരാജനെന്ന രാജനെ വളർത്തിയെടുക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു.

വിദ്യാഭ്യാസശേഷം കുറേക്കാലം സമാന്തര കോളേജ് അധ്യാപകനായി. പിന്നെ ബിസിനസ് നടത്തി. കലാ, സാഹിത്യ, സാമൂഹ്യ പ്രസ്ഥാനങ്ങളിൽ പങ്കാളിയായി. കഥ, കവിത, ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. അനേകം റേഡിയോ നാടകങ്ങൾ രചിച്ചു. കുറേ ബാലസാഹിത്യ കൃതികളുടെ കർത്താവുമാണ്. ആകാശവാണി റേഡിയോ ക്ലബ്ബിന്റെ സംസ്ഥാന സെക്രട്ടറി, ഹോട്ടൽ വ്യവസായികളുടെ സംസ്ഥാന സെക്രട്ടറി, എഐവൈഎഫ് പ്രവർത്തകൻ, ജനയുഗത്തിൽ കോളമിസ്റ്റ്, ദേശാഭിമാനി സ്റ്റഡി സർക്കിൾ, പിന്നെ പുരോഗമന കലാ സാഹിത്യസംഘത്തിന്റെ പത്തനാപുരം താലൂക്കിന്റെ ആദ്യ സെക്രട്ടറി, കേരള ശബ്ദത്തിൽ കോളമിസ്റ്റ്-ഇങ്ങനെ സോമരാജൻ പ്രവർത്തിക്കാത്ത മേഖലകൾ കുറവ്. സംസ്ഥാന സർക്കാരിന്റേത് ഉൾപ്പെടെ ഇരുനൂറോളം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ശ്രീലങ്കയിലെ കൊളംബോ സർവകലാശാലയിൽനിന്ന് ജീവകാരുണ്യത്തിൽ പിഎച്ച്ഡി നേടി.

അമ്മൂമ്മയ്ക്കൊപ്പമായിരുന്നു രാജന്റെ ബാല്യം. മദർ തെരേസയെപ്പോലിരിക്കുന്ന അമ്മൂമ്മ. രാജന് അവർ 'അമ്മ' തന്നെയായിരുന്നു.

**യഥാർഥത്തിൽ ഈ ഗാന്ധിഭവൻതന്നെ സ്വപ്നലോകമാണ്. ഒന്നുമില്ലാത്ത ആയിരങ്ങൾ എല്ലാ സന്തോഷവുമായി ഒന്നുചേർന്ന് ജീവിക്കുന്നയിടം. ഇവിടെ മനോരോഗികളുണ്ട്, പലതരം വൈകല്യം ബാധിച്ചവരുണ്ട്, ബുദ്ധിയുള്ളവരും ബുദ്ധിയുറയ്ക്കാത്തവരുമുണ്ട്. കൈക്കുഞ്ഞുമുതൽ ഊർധ്വൻ വലിക്കുന്നവർ വരെയുണ്ട്. എല്ലാരുമുപേക്ഷിച്ചവരും എല്ലാരുമുള്ളവരുമുണ്ട്. പിച്ചച്ചട്ടിക്കുപോലും പാങ്ങില്ലാത്തവരും കോടികൾക്കുമീതെ ഉറക്കമുണർന്നവരുമുണ്ട്.**



പുനലൂർ സോമരാജൻ

ആ അമ്മ പകർന്നുനൽകിയ ജീവിതപാഠമാണ് എക്കാലത്തെയും കരുത്ത്. അമ്മയുടെ മുന്തി (കൈലിയുടെ അറ്റക്കെട്ട്)യിൽനിന്ന് ഓട്ടക്കാലണ മോഷ്ടിച്ച് സുഹൃത്തുക്കൾക്ക് കടല വാങ്ങിക്കൊടുത്ത് സന്തോഷിച്ചത് പിന്നെ പശ്ചാത്താപത്തിന്റെ പടിവരെയെത്തിയ കഥ സോമരാജൻ പറയുമ്പോൾ കണ്ണുനിറയുന്നു.